

## പരിശുദ്ധ സുന്നഹദോസ് സെക്രട്ടറിയും കൊച്ചിഭദ്രാസന മെത്രാപ്പോലീത്തയുമായ അഭിവന്ദ്യ ജോസഫ് മോർ ഗ്രീഗോറിയോസ് തിരുമേനി മെത്രാഭിഷേകത്തിൻെറ ഇരുപതാം വാർഷീക നിറവിൽ

അഭിവന്ദ്യ ജോസഫ് മോർ ഗ്രീഗോറിയോസ് തിരുമേനി എറണാകുളം ജില്ലയിൽ മുളന്തുരുത്തി (പരിശുദ്ധ പരുമല തിരുമേനിയുടെ നാട് ) അടുത്ത് പെരുമ്പിള്ളി ദേശത്ത് 1960 ആ □ ് നവമ്പർ മാസം 10 തീയതി സ്രാംബിക്കൽ പള്ളത്തിട്ട ഗീവർഗീസിൻേറയും സാറാമ്മയുടേയും നാലു മക്കളിൽ ഇളയവനായി ഭൂജാതം ചെയ്തു. പരിശുദ്ധ പരുമല തിരുമേനിയുടെ കുടുംബാഗമായ തിരുമേനി തൻെറ പ്രാഥമീക വിദ്യാഭ്യാസം പെരുമ്പള്ളി പ്രൈമറി സ്കൂളിലും മുളന്തുരുത്തി ഹൈസ്കൂളിലുംപൂർത്തിയാക്കി. പുണ്യ ശ്ലോകനായ ഗീവർഗീസ് മോർ ഗ്രീഗോറിയോസ് (പെരുമ്പള്ളി തിരുമേനി) ബാലൻെറ പ്രത്യേകതകളെ തിരിച്ചറിഞ്ഞ് 13 വയസിൽതന്നെ 1974 മാർച്ച് 26 തീയതി മഞ്ഞനിക്കര മോർ ഇഗ്നാത്തിയോസ് ദയറായിൽ വച്ച് കോറൂയോ പട്ടം നൽകി. തുടർന്ന് വളരെ കാലം ജോസഫ് ശെമ്മാശൻ ഗ്രീഗോറിയേസ് തിരുമേനിയുടെ സെക്രട്ടറി ആയി സേവനം അനുഷ്ടിച്ചു.

ജോസഫ് ശെമ്മാശൻ തുടർ വിദ്യാഭ്യാസത്തിന്നായി എറണാകുളം മഹാ രാജാസ് കോളേജിൽ ചേർന്ന് പ്രീഡിഗ്രിയും ഡിഗ്രിയും കരസ്ഥമാക്കി . പിന്നീട് വൈദീക പഠനത്തിന്നായി പെരുമ്പള്ളി മോർ ജൂലിയോസ് സിമ്മനാരിയിൽ ചേർന്നു. 1984 മാർച്ച് 25 തീയതി മുളന്തുരുത്തി മാർതോമൻ പള്ളിയിൽ വച്ച് മലങ്കരയുടെ പ്രകാശ ഗോപുരമായിരുന്ന ശ്രേഷ്ഠ ബസേലിയോസ് കാതോലിക്കാ ബാവാ തിരുമനസുകൊ□ ് ജോസഫ് ശെമ്മാശനെ വൈദീക പദവിയിലേക്ക് ഉയർത്തി. ജോസഫച്ചൻ തത്വ ശാസ്ത്ര ഉപരി പഠനത്തിന്നായി ഐർലൻെറിലെ ഡബ്ലിൻ സർവകലാശാലയിൽ ചേർന്നു. ദൈവ ശാസ്ത്ര ഉപരിപഠനാർത്ഥം അവിടെ നിന്ന് അമേരിക്കയിലേക്ക്പോയി. അവിടെ ആയിരിക്കുമ്പോൾ അവിടുത്തെ പല ദേവാലയങ്ങളിലും വികാരി ആയി സേവനമനുഷ്ഠിച്ചിട്ടു□ ് . ഇംഗ്ല□ ിലെ അദ്ദേഹത്തിൻെറ പഠന കാലത്ത് ല□ നിലെ സെൻറ് തോമസ് സിറിയൻ ഓർത്തഡോക്സ് പള്ളിയിൽ 4 വർഷം വികാരി ആയിരുന്നു

അന്ന് കൊച്ചി ഭദ്രാസന മെത്രാപ്പോലീത്ത ആയിരുന്ന മോർ ഒസ്താത്തിയോസ് തിരുമനസുകൊ □ ് പ്രായാധിക്യം മൂലം ഭദ്രാസന ചുമതലയിൽ നിന്നും വിരമിച്ച സാഹചര്യത്തിൽ 1994 ജനുവരി 14 തീയതി ആകമാന സുറിയാനിസഭയുടെ തലവനായ പരിശുദ്ധ സക്കാ ഇവാസ് ഒന്നാമൻ പാത്രിയർക്കീസ്ബാവ തിരുമനസുകൊ□ ് ഡമാസ്ക്കസിൽ വച്ച് ബ. ജോസഫ് അച്ചനെ റമ്പാനായി വാഴിച്ചു.1994 ജനുവരി 16 തീയതി വന്ദ്യ ജോസഫ് റമ്പാച്ചനെ ജോസഫ് മോർ ഗ്രീഗോറിയോസ് എന്ന നാമധേയത്തിൽ മെത്രാനായി പരിശുദ്ധ സക്കാ ഇവാസ് ഒന്നാമൻ പാത്രയർക്കീസ് ബാവ ഡമാസ്ക്കസിൽ വച്ച് വാഴിച്ചു 1994 ജനുവരി 23 തീയതി അഭിവന്ദ്യ ജോസഫ് മോർ ഗ്രീഗോറിയോസ് തിരുമനസുകൊ □ ് കൊച്ചി ഭദ്രാസന മെത്രാപ്പോലീത്തയായി ചുമതലയേററ് തിരുവാങ്കുളത്തുള്ള കൃംതാ സെമിനാരിയിൽ തുടരുന്നു.

അഭിവന്ദ്യ തിരുമനസുകൊ□ ് ഇപ്പോൾ പരിശുദ്ധ സുന്നഹദോസ് സെക്രട്ടറി ആയും സഭ വക വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ മാനേജരായും പ്രവർത്തിക്കുന്നു മരട് ഗ്രീഗോറിയൻ പബ്ലിക്ക്സ്കൂൾ സ്ഥാപകനായ അഭിവന്ദ്യ തിരുമേനി സെൻറ് ഗ്രീഗോറിയോസ് ചാരിററബിൾ ട്രസ്ററ് മാനേജിങ്ങ് ട്രസ്ററി, സ്കൂൾ മാനേജർ കൂടാതെ ജോർജിയൻ അക്കാഡമി ഹൈസ്ക്കൂൾ മാനേജരായും സേവനം ചെയ്യുന്നു. 2014 ഫെബ്രുവരി 16 തീയതി മെത്രാപ്പോലീത്ത സ്ഥാനാരോഹണത്തിൻെറ ഇരുപതാം വാർഷീകം ആഘോഷിക്കുന്ന തിരുമേനിയുടെ സംഘടനാ പാഠവവും ഭരണ നൈപുണ്യവും അനിതരസാധാരണമായ കർമ കുശലതയും ഭദ്രാസനത്തിന്നും സഭക്കും സമൂഹത്തിന്നും വില മതിക്കാനാകാത്ത മുതൽക്കൂട്ടാണ്. മലങ്കര സഭയുടെ മെത്രാപ്പോലീത്തൻ ട്രസ്ററിയും കാതോലിക്കയുമായ ശ്രേഷ്ട ബസേലിയോസ് പ്രധമൻ ബാവയുടെ എല്ലാ പ്രവർത്തനങ്ങൾക്കും സഹായിയും താങ്ങും തണലുമായി പ്രവർത്തിക്കുന്ന അഭിവന്ദ്യ തിരുമേനി പരിശുദ്ധ പരുമല തിരുമേനിയുടെ പിൻഗാമി എന്ന പദവി അന്വർത്ഥമാക്കുന്നു

അഭിവന്ദ്യ തിരുമേനി പ്രഗൽഭനായ വാഗ്മി, മികച്ച സംഘാടകൻ, സാധു ജന സംരക്ഷണത്തിന്നും സഭയുടെ ഉന്നമനത്തിന്നും മുൻ തൂക്കം കൊടുക്കുന്ന പ്രതിഭ. അവിടത്തെ സംഘടനാ പാടവത്തിൻെറ ഉത്തമ ഉദാഹരണമാണ് എറണാകുളത്ത് 1994 ൽ നടത്തപ്പെട്ട പാത്രിയർക്കാ സമ്മേളനം ബ വൈദീകരുടേയും ഇടവക പള്ളികളുടേയും ഉയർച്ചക്കും ഉന്നമനത്തിന്നും ക്ഷേമത്തിന്നുമായി അസ്രാന്തം പ്രവർത്തിക്കുന്ന

തിരുമേനിയുടെ പ്രവർത്തന മികവാണ് കൊച്ചി ഭദ്രാസനത്തിലെ പ്രാർത്ഥനാ യൂണിററുകൾ തിരുമനസിലെ പ്രവർത്തനങ്ങൾ കാണുമ്പോൾ പരിശുദ്ധ സഭ തിരുമനസിലെ കരങ്ങളിൽ സുരക്ഷിതമായിരിക്കും എന്ന് നിസംശയം പറയാം ഇരുപതാം സ്താനാരോഹണ വാർഷീകത്തോട് അനുബന്ധിച്ച് നടത്ത പ്പെടുന്ന ഇരുപത് നിർധന യൂവതി യുവാക്കളുടെ വിവാഹവും ആരംഭം കുറിക്കുന്ന ക്ഷേമ പ്രവർത്തനങ്ങളും അങ്ങേയററം വിജയകരമാകട്ടെ എന്ന്പ്രാർത്ഥിക്കാം തിരുമനസിലെ ആയുരാരോഗ്യത്തിന്നായി പ്രാർത്ഥിച്ച് ദൈവ സന്നിധിയിൽ തലകളെ വണക്കാം

Fr. Roy Paul Vettikkattil

Vicar and President St. George Cathedral, Karingachira; Malankara World Board Member